ജലീലിനെ നീക്കാനുള്ള ആർജവമുണ്ടാകണം : ചെന്നിത്തല

കോഴിക്കോട്: ബന്ധു നിയമനം നടത്തിയ മന്ത്രി കെ.ടി ജലീൽ സ്വയം രാജിവച്ച് ഒഴിയാത്ത സാഹചര്യത്തിൽ മന്ത്രിസ്ഥാനത്ത് നിന്നും നീക്കാനുള്ള ആർജവം മുഖ്യമന്ത്രി കാണിക്കണമെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു. മന്ത്രി അഴിമതി നടത്തിയെന്ന് ബോദ്ധ്യമുള്ളതിനാലാണ് മുഖ്യമന്ത്രി മറുപടി നൽകാത്തത്. മന്ത്രിയെ പുറത്താക്കാത്തത് ജനാധിപത്യ വിരുദ്ധ നടപടിയാണന്നും 19ന് ചേരുന്ന യു.ഡി.എഫ് യോഗത്തിൽ മന്ത്രി ജലീലിനെതിരെയുള്ള തുടർ സമരപരിപാടികൾ തീരുമാനിക്കുമെന്നും അദ്ദേഹം പറഞ്ഞു.

www.keralakaumudi.com www.facebook.com/keralakaumudi

ഇന്ന് ബി.ജെ.പി പ്രതിഷേധ ദിനം

തിരുവനന്തപുരം: ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറി കെ.സുരേന്ദ്രൻ, തൃശ്ശൂർ ജില്ലാ പ്രസിഡന്റ് എ.നാഗേഷ് എന്നിവർ ഉൾപ്പെടെ അയ്യപ്പദർശനത്തിന് ഇരുമുടിക്കെട്ടുമായി സന്നിധാനത്തേക്ക് പോവുകയായിരുന്ന അയ്യപ്പഭക്തരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ഇന്ന് സംസ്ഥാനവ്യാപകമായി ബി.ജെ.പി പ്രതിഷേധദിനം സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി പാർട്ടിപ്രവർത്തകർ അയ്യപ്പഭക്തരോടൊപ്പം ദേശീയപാത ഉപരോധിക്കുമെന്ന് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ പി.എസ് ശ്രീധരൻപിള്ള അറിയിച്ചു.

മണിക് സർക്കാറിനെതിരെ ബി.ജെ.പി അക്രമം: മുഖ്യമന്ത്രി പ്രതിഷേധിച്ചു

തിരുവനന്തപുരം: ത്രിപുരയിൽ മുൻ മുഖ്യമന്ത്രിയും സി.പി.എം പോളിറ്റ് ബ്യൂറോ അംഗവുമായ മണിക് സർക്കാർ പങ്കെടുത്ത യോഗത്തിന് നേരെ ബി.ജെ.പി പ്രവർത്തകർ നടത്തിയ അക്രമത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പ്രതിഷേധിച്ചു. ബിഷാൽഗഡിലെ സി.പി.എം ഓഫീസിൽ മണിക് സർക്കാർ സംസാരിക്കുന്നതിനിടെയായിരുന്നു അക്രമം. യോഗത്തിനെത്തിയവർക്ക് പരിക്കേറ്റു. സി.പി.എം എം.എൽ.എയുടെ കാർ ആക്രമിക്കപ്പെട്ടു. അക്രമ രാഷ്ട്രീയത്തിനെതിരെ ജനാധിപത്യ വിശ്വാസികൾ പ്രതിഷേധമുയർത്തണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

രണ്ടാമൂഴം കേസ്: സംവിധായകന്റെ ആവശ്യം കോടതി തള്ളി

കോഴിക്കോട്: 'രണ്ടാമൂഴം' തിരക്കഥ തിരികെ ആവശ്യപ്പെട്ട് എം.ടി. വാസുദേവൻ നായർ നൽകിയ കേസ് ആർബിട്രേഷന് വിടണമെന്ന സംവിധായകൻ ശ്രീകുമാർ മേനോന്റെ ആവശ്യം കോഴിക്കോട് മുൻസിഫ് കോടതി (ഒന്ന്) തള്ളി.

മലയാളത്തിലും ഇംഗ്ലീഷിലുമുള്ള തിരക്കഥകൾ കൈമാറിയപ്പോൾ ഉണ്ടാക്കിയ ധാരണാപത്രം അനുസരിച്ച് ഷൂട്ടിംഗ് സമയത്ത് തർക്കമുണ്ടായാൽ ആർബിട്രേഷന് വിടണമെന്നായിരുന്ന വ്യവസ്ഥ. ഷൂട്ടിംഗ് ആരംഭിക്കാത്തതിനാൽ ഇതിന് പ്രസക്തിയില്ല. മൂന്ന് വർഷത്തിനുള്ളിൽ ഷൂട്ടിംഗ് ആരംഭിക്കുമെന്നായിരുന്ന കരാർ. അതിന് സാധിച്ചില്ലെങ്കിൽ എം.ടി നോട്ടീസ് അയച്ചാൽ ഷൂട്ടിംഗ് ആരംഭിക്കാൻ കഴിയാതെ പോയതിന്റെ കാരണം ഒരു മാസത്തിനകം രേഖാമൂലം അറിയിക്കണമെന്നും വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് 3 വർഷത്തിന് പകരം 4 വർഷം കഴിഞ്ഞപ്പോഴാണ് നോട്ടീസ് അയച്ചത്. നോട്ടീസ് കൈപ്പറ്റിയെങ്കിലും മറുപടി നൽകിയില്ല. തുടർന്നാണ് എം.ടി കോടതിയെ സമീപിച്ചത്. കേസിൽ ഡിസംബർ 7ന് വാദം തുടരും.

പ്രേംനസീർ സാഹിത്യ പുരസ്കാരം ഗിന്നസ് സത്താറിന്

തിരുവനന്തപുരം: പ്രേംനസീർ സുഹൃദ് സമിതിയുടെ പ്രഥമ യുവസാഹിത്യ പുരസ്കാരത്തിന് ഗിന്നസ് സത്താർ ആദൂരിന്റെ 'മഹല്ല്' എന്ന നോവൽ തിരഞ്ഞെടുത്തതായി സമിതി സെക്രട്ടറി തെക്കൻസ്റ്റാർ ബാദുഷ അറിയിച്ചു. 11,111 രൂപയും ശില്പവും പ്രശസ്തി പത്രവും അടങ്ങിയ അവാർഡ് 21ന് വൈകിട്ട് 5.30ന് മന്നം മെമ്മോറിയൽ നാഷണൽ ക്ലബിൽ വച്ച് ഡെപ്യൂട്ടി സ്പീക്കർ വി. ശശി നൽകും.

അനധികൃത അവധി

മുങ്ങിയ 300 സർക്കാർ ഡോക്ടർമാർ കുടുങ്ങും

▶ഒ.സി.മോഹൻരാജ്

കണ്ണൂർ: പി.എസ്.സി നിയമനം നേടിയ ശേഷം നീണ്ട അവധിയെടുത്ത് മുങ്ങി നടക്കുന്ന കൂടുതൽ ഡോക്ടർമാർക്ക് പിടിവീഴും. വിദേശത്ത് ജോലി നേടുകയും നാട്ടിൽ സ്വകാര്യ പ്രാക്ടീസ് നടത്തുകയും ചെയ്യുന്ന 300 പേരുടെ പട്ടിക ആരോഗ്യവകുപ്പ് തയ്യാറാക്കി. 60 പേർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി. ഉടൻ ജോലിക്കെത്തിയില്ലെങ്കിൽ ഇവരെ പിരിച്ചുവിടണമെന്ന് സർക്കാരിന് റിപ്പോർട്ട് നൽകും. 58 പേരെ കഴിഞ്ഞ വർഷം പിരിച്ചുവിട്ടിരുന്നു.

പി.എസ്.സി നിയമനമായതിനാൽ പത്രങ്ങളിൽ പേരുൾപ്പെടെ പരസ്യപ്പെടുത്തിയ ശേഷമാണ് ആരോഗ്യവകുപ്പ് കടുത്ത നടപടികളിലേക്ക് നീങ്ങുന്നത്. ഇവരുടെ തസ്തികകളിൽ പുതിയ നിയമനം നടത്തണമെങ്കിൽ പിരിച്ചുവിട്ടാലേ പറ്റൂ. വിശദമായ അന്വേഷണത്തിന് ശേഷം ഘട്ടംഘട്ടമായി പട്ടിക സർക്കാരിന് സമർപ്പിക്കും. പുറത്താക്കും മുമ്പ് പി.എസ്.സിയുടെ അനുകൂല തീരുമാനമുണ്ടാകേണ്ടതുണ്ട്.

ദീർഘകാല അവധി അനുവദിക്കാത്ത അവശ്യ സർവീസുകളിൽ അനധികൃതമായി ജോലിക്കെത്താതിരുന്നവരെ പിരിച്ചുവിടാൻ അനുകൂല റിപ്പോർട്ട് പി.എസ്.സി ഇതിനു മുമ്പും നൽകിയിരുന്നു. പുതിയ നിയമനം നടത്തണമെങ്കിലും പി.എസ്.സി റിപ്പോർട്ട് നൽകണം.

മേൽവിലാസത്തിൽ പലതും വ്യാജം

സർവീസിൽ നിന്നു പിരിച്ചുവിടാൻ കാരണം കാണിക്കൽ നോട്ടീസ് അയച്ചതിൽ പലരും കൈപ്പറ്റിയില്ല. പലർക്കും വ്യാജ വിലാസങ്ങളാണെന്ന് അന്വേഷണത്തിൽ കണ്ടെത്തി.

"അനധികൃത അവധിയെടുത്ത് കറങ്ങി നടക്കാമെന്ന് ഡോക്ടർമാർ കരുതേണ്ട. അത്തരക്കാർക്ക് സർക്കാർ ഒരു സംരക്ഷണവും നൽകില്ല. നോട്ടീസ് നൽകിയ കുറേപ്പേർ ജോലിക്ക് ഹാജരായിട്ടുണ്ടെന്നത് ആശാവഹം. ഹാജരാകാത്തവരുടെ കണക്ക് ശേഖരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്

- കെ.കെ. ശൈലജ, ആരോഗ്യമന്ത്രി

"നടപടിയെ കെ.ജി.എം.ഒ.എ പിന്തുണയ്ക്കും. മുങ്ങിനടക്കുന്നവർ ഒഴിവാകുന്നതിനനുസരിച്ച് വരാൻ തയ്യാറായി പുതിയ ഡോക്ടർമാർ നിരവധിയുണ്ട്. പി.എസ്.സി ലിസ്റ്റും നിലവിലുണ്ട്. ലിസ്റ്റിൽ നിന്നു നിയമനം നടക്കുന്നതോടെ സർക്കാർ ആശുപത്രികളിൽ ഡോക്ടറില്ലാത്ത അവസ്ഥയും മാറും.

- ഡോ. വി. ജിതേഷ്, സംസ്ഥാന സെക്രട്ടറി

ശബരിമല വിഷയം : സി.പി.ഐ സർക്കാരിനൊപ്പം

ഇടത് നിലപാട് വിശദീകരിക്കാൻ കുടുംബയോഗങ്ങൾ

▶രാഷ്ട്രീയ ലേഖകൻ

തിരുവനന്തപുരം: ശബരിമല വിഷയത്തിൽ സർക്കാരും മുഖ്യമന്ത്രി പിണറായി വിജയനും കൈക്കൊണ്ട നിലപാടിന് പൂർണ പിന്തുണ നൽകാൻ സി.പി.ഐ സംസ്ഥാന എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു.

ശബരിമലയുടെ പേരിൽ സവർണ ഹൈന്ദവ ഏകീകരണത്തിന് സംഘപരിവാർ ശ്രമിക്കുകയാണെന്നും വിശ്വാസി - അവിശ്വാസി തർക്കമായി പ്രചരിപ്പിച്ച് ജനങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയാണെന്നും യോഗം വിലയിരുത്തി. ജനങ്ങളുടെ ആശയക്കുഴപ്പം പരിഹരിക്കാൻ പാർട്ടി ലോക്കൽകമ്മിറ്റി അടിസ്ഥാനത്തിൽ ഡിസംബർ ഒന്ന് മുതൽ 20 വരെ കുടുംബയോഗങ്ങൾ നടത്തും. നവോത്ഥാനമൂല്യങ്ങൾ ജനങ്ങളിൽ എത്തിക്കാനുള്ള പ്രചാരണങ്ങളും സജീവമാക്കും.

ശബരിമല കേസിൽ സുപ്രീംകോടതിയിൽ സർക്കാർ സ്വീകരിച്ച നിലപാട് ജനങ്ങളോട് വിശദീകരിക്കും. ലിംഗസമത്വവും തുല്യ നീതിയും ഉറപ്പാക്കുകയെന്ന പുരോഗമന നിലപാടിനൊപ്പം വർഷങ്ങളായി തുടരുന്ന ആചാരപരങ്ങളിൽ പണ്ഡിതരുടെ കമ്മിഷനെ വച്ച് ഉപദേശം തേടി നടപടിയെടുക്കാമെന്നും സ

ർക്കാർ നിർദ്ദേശിച്ചതാണ്. സുപ്രീംകോടതി എന്ത് വിധിച്ചാലും നടപ്പാക്കുമെന്നും വ്യക്തമാക്കി. ഈ സ്ഥിതിക്ക് വിധി നടപ്പാക്കുകയല്ലാതെ സർക്കാരിന് വഴികളില്ല. സുപ്രീംകോടതി ഒടുവിൽ പറഞ്ഞതും വിധി സ്റ്റേ ചെയ്യുന്നില്ലെന്നാണ്. ഇടത്, പുരോഗമന ശക്തികളുടെ നിലപാടാണ് മുഖ്യമന്ത്രി ഉയർത്തിപ്പിടിച്ചത്. റിവ്യൂഹർജികളിൽ സുപ്രീംകോടതി തീരുമാനം എത്തും മുമ്പ് മന്ത്രി എ.കെ. ബാലൻ നടത്തിയ പ്രതികരണവും സർവ്വകക്ഷിയോഗം വിളിക്കുമെന്ന് ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ആദ്യം പറഞ്ഞത് കോടിയേരിയടക്കം നിഷേധിച്ചതും ദേവസ്വം ബോർഡ് പ്രസിഡന്റ് പലപ്പോഴായി നടത്തിയ പ്രതികരണങ്ങളും ആശയക്കുഴപ്പമുണ്ടാക്കിയെന്ന വിമർശനം യോഗത്തിലുണ്ടായി. കൂടിയാലോചനകൾ തുടക്കത്തിലേ ആവാമായിരുന്നു എന്ന അഭിപ്രായങ്ങളും ഉയർന്നെങ്കിലും ഇനി അതെല്ലാം അപ്രസക്തമാണെന്ന് യോഗം വിലയിരുത്തി.

ഹൈന്ദവ ധ്രുവീകരണ നീക്കം സംഘപരിവാർ ശക്തമാക്കുമ്പോൾ കോൺഗ്രസിന് ക്ഷീണമാകും. ലക്ഷ്യം സവർണ ഹൈന്ദവ ഏകീകരണമായതിനാൽ ദളിത്, ആദിവാസി, മതന്യൂനപക്ഷ വിഭാഗങ്ങളിൽ ആശങ്കയുണ്ട്. ശ്രദ്ധ മുഴുവൻ ശബരിമലയിൽ ആകുമ്പോൾ പ്രളയാനന്തര പുനർനിർമ്മാണമടക്കമുള്ള കാര്യങ്ങളിൽ വീഴ്ചയുണ്ടാവരുതെന്ന അഭിപ്രായവുമുണ്ടായി. തിരഞ്ഞെടുപ്പിലേക്ക് നീങ്ങുമ്പോൾ അത്തരം വിഷയങ്ങളാകും സജീവമാവുക.

ശിവഗിരി തീർത്ഥാടനം: വിവിധ കമ്മിറ്റികൾ

ശിവഗിരി: 86-ാമത് ശിവഗിരി തീർത്ഥാടനത്തിന്റെ വിജയകരമായ നടത്തിപ്പിന് വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. രൂപീകരണ യോഗത്തിൽ ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ, ട്രഷറർ സ്വാമി ശാരദാനന്ദ, തീർത്ഥാടന കമ്മിറ്റി സെക്രട്ടറി സ്വാമി വിശാലാനന്ദ എന്നിവർ സംസാരിച്ചു.

വിവിധ കമ്മിറ്റികളും ഭാരവാഹികളും:

പ്രസ് ആൻഡ് മീഡിയ: കെ. ജയപ്രകാശ് (കേരളകൗമുദി) രക്ഷാധികാരി, വണ്ടന്നൂർ സന്തോഷ് ചീഫ് കോ-ഓർഡിനേറ്റർ, ഡോ.എം.ജയരാജ് ചെയർമാൻ, ബി.സുകു (കേരളകൗമുദി) കൺവീനർ, എസ്.വിക്രമൻ (കേരളകൗമുദി), സജീവ്കൃഷ്ണൻ (കേരളകൗമുദി), സജീവ്ഗോപാലൻ (കേരളകൗമുദി), ഷാജി (മംഗളം) വൈസ് ചെയർമാൻമാർ.

ഓഫീസ് മാനേജ്മെന്റ്: ഡോ.ബി.ഭുവനേന്ദ്രൻ, സെക്രട്ടറി, പി.എസ്.പ്രദീപ്, അസി. സെക്രട്ടറി. അതിഥി സത്കാരം : ഭാസി പുതുവൽ, ചെയർമാൻ. സ്വീകരണം : ഷാജി, ചെയർമാൻ. സ്റ്റേജ്: സ്വാമി ശാരദാനന്ദ, ചെയർമാൻ. കലാപരിപാടി: പ്രസാദ് വട്ടപ്പാംമൂട്, ചെയർമാൻ. ഗുരുപൂജ: സ്വാമി ബോധിതീർത്ഥ, ചെയർമാൻ, വി.ബലറാം എസ്.എൻ.വി സദ്യാലയം, വൈസ്ചെയർമാൻ. ലൈറ്റ് ആൻഡി സൗണ്ട് : മണിരാജ് ഗുരുകുലം, ചെയർമാൻ. അക്കോമഡേഷൻ : സുനിൽകുമാർ, ചെയർമാൻ. ഘോഷയാത്ര വോളന്റിയേഴ്സ്: സന്തോഷ് വട്ടപ്പാംമൂട്, ചീഫ് കോ-ഓർഡിനേറ്റർ, അജി എസ്.ആർ.എം, ചെയർമാൻ. കലാസാഹിത്യ മത്സരം : ഡോ.അജയൻ പനയറ, ചെയർമാൻ. കായികമത്സരം : അനിൽകുമാർ, ചെയർമാൻ.

ശുദ്ധജല വിതരണം : സ്വാമി വിദ്യാതാനന്ദ, ചെയർമാൻ. ശുചീകരണം: ചന്ദ്രബാബു നെടുങ്ങണ്ട, ചെയർമാൻ. അന്വേഷണം: കെ.ബാജി, ചെയർമാൻ. സ്റ്റാൾ : ശാന്തകുമാർ മുണ്ടയിൽ, ചെയർമാൻ. പദയാത്ര സ്വീകരണം : ആറ്റിങ്ങൽ കൃഷ്ണൻകുട്ടി, ചെയർമാൻ. പബ്ലിസിറ്റി : രാധാകൃഷ്ണൻ ചെറുന്നിയൂർ, ചെയർമാൻ. കാർഷികമേള : ഡോ.എം.ജയരാജ്, ചെയർമാൻ. മഹാഗുരുപൂജ : ടി.വി.രാജേന്ദ്രൻ, ചെയർമാൻ. ഗതാഗതം : പ്രിജി, ചെയർമാൻ. അന്നദാനം : ഡി.പ്രേംരാജ് ചെയർമാൻ.

പമ്പയിലേക്ക് കണ്ടക്ടറില്ലാ ബസുകൾ ഓടിത്തുടങ്ങി

തിരുവനന്തപുരം: കണ്ടക്ടർമാരെ ഒഴിവാക്കി കെ.എസ്.ആർ.ടി.സിയുടെ നിലയ്ക്കൽ - പമ്പ ചെയിൻ സർവീസ് ബസുകൾ ഓടിത്തുടങ്ങി. ടിക്കറ്റ് ഓൺലൈനായോ സ്റ്റാൻഡിൽ നിന്നോ എടുത്ത് യാത്ര ചെയ്യാം. നിലയ്ക്കലിലെ 15 കിയോസ്കുകളിൽ നിന്ന് സ്വന്തമായും ടിക്കറ്റെടുക്കാം. വാലറ്റ്, ഡെബിറ്റ് - ക്രെഡിറ്റ് കാർഡ് വഴിയും ഇടപാട് നടത്താം. ഒരു ദിവസത്തെ നാല് മണിക്കൂർ വീതമുള്ള

ആറ് ബ്ലോക്കായാണ് റിസർവേഷൻ സൈറ്റിൽ ക്രമീകരിച്ചിരിക്കുന്നത്. ക്യൂ.ആർ കോഡുള്ള ടിക്കറ്റിന്റെ സമയപരിധി 48 മണിക്കൂറാണ്. അതുകഴിഞ്ഞാൽ അസാധുവാകും. തുർന്നുള്ള യാത്രയ്ക്ക് പമ്പയിൽ നിന്ന് പുതിയ ടിക്കറ്റെടുക്കണം. മേൽനോട്ടത്തിന് എം.ഡി ടോമിൻ തച്ചങ്കരി ശബരിമലയിൽ ക്യാമ്പ് ചെയ്യുന്നുണ്ട്. ഇലക്ട്രിക് ബസുകളുടെ സർവീസും ആരംഭിച്ചിട്ടുണ്ട്.

മണ്ഡലകാലത്ത് 300 സ്പെഷ്യൽ സർവീസുകളാണ് കെ.എസ്.ആർ.ടി.സി നടത്തുക. ഇതിൽ 50 എണ്ണം പമ്പയിൽ നിന്ന് വിവിധ സ്ഥലങ്ങളിലേക്കും 250 എണ്ണം വിവിധ ഡിപ്പോകളിൽ നിന്ന് പമ്പയിലേക്കുമാണ്. ഇവ തീർത്ഥാടകർക്ക് മാത്രമായാണ്. തീർത്ഥാടകരുടെ ആവശ്യത്തിനല്ലാതെ സ്റ്റോപ്പുകളും ഉണ്ടാവില്ല. നിലയ്ക്കൽ-പമ്പ റൂട്ടിൽ 200 നോൺ എ.സി ബസുകളും 50 എ.സി ബസുകളുമാണ് സർവീസ് നടത്തുക. നോൺ എ.സി ബസുകൾക്ക് 40 രൂപയും എ.സി ബസുകൾക്ക് 75 രൂപയുമാണ് നിരക്ക്.

സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ നിക്ഷേപം

ഗുണനിലവാരത്തിന് ഊന്നൽ : മുഖ്യമന്ത്രി

തിരുവനന്തപുരം: ഉന്നത വിദ്യാഭ്യാസ മേഖലയെ സർക്കാർ ഒരു നിക്ഷേപമായാണ് കാണുന്നതെന്നും ഗുണനിലവാരം, സമത്വം എന്നിവയ്ക്കാണ് പ്രധാന ഊന്നലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രഥമ ഉപദേശക സമിതി യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയ, കോഴ്സുകളുടെ തുല്യത സംബന്ധിച്ച കൈപ്പുസ്തകം മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്യുന്നു

ഈ അദ്ധ്യയന വർഷം അവസാനിക്കുന്നതിന് മുമ്പ് സർവകലാശാലകൾ ബിരുദ ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കുന്നവർക്ക് ഉണ്ടായിരിക്കേണ്ട കഴിവുകളും അറിവുകളും എന്തൊക്കെയെന്ന് പൊതുജനത്തെ അറിയിക്കുന്നതിനായി ബിരുദ ഗുണങ്ങൾ (ഗ്രാഡ്വേറ്റ് ആട്രിബ്യൂട്ട്) പ്രസിദ്ധീകരിക്കണം. ഉന്നത വിദ്യാഭ്യാസത്തിന് ഉയർന്ന പരിഗണനയാണ് സർക്കാർ നൽകുന്നത്. പക്ഷേ, സർവകലാശാലകളുടെ പ്രകടനം തൃപ്തികരമല്ല. കുട്ടികളെ ആഗോളതലത്തിൽ മത്സരാർത്ഥികളാക്കാൻ സർവകലാശാലകൾ ലോകോത്തര സ്ഥാപനങ്ങളായി മാറേണ്ടതുണ്ട്. ഔട്ട്കം ബേസ്ഡ് എഡ്യൂക്കേഷൻ നടപ്പാക്കണം. സ്റ്റേറ്റ് അക്രഡിറ്റേഷൻ സെന്റർ, ഫാക്വൽറ്റി ട്രെയിനിംഗ് സെന്റർ എന്നിവ ഗുണനിലവാരം വർദ്ധിപ്പിക്കുമെന്നും സ്ഥാപനങ്ങളുടെ പ്രകടനം മെച്ചപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. മന്ത്രി കെ.ടി. ജലീൽ ആമുഖപ്രഭാഷണം നടത്തി. ഉപദേശകസമിതി അംഗങ്ങളായ പ്രൊഫ. സച്ചിദാനന്ദൻ, പ്രൊഫ. പ്രഭാത് പട്നായിക്, പ്രൊഫ. ഇ.ഡി. ജമ്മിസ്, എം.പിമാരായ എ.സമ്പത്ത്, കെ.കെ. രാഗേഷ്, എം.എൽ.എ മാരായ മുഹമ്മദ് മുഹ്സിൻ, ആർ. രാജേഷ്, ചീഫ് സെക്രട്ടറി ടോം ജോസ്, ഉന്നതവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഉഷാ ടൈറ്റസ്, ഡോ. സി ഭാസ്കരൻ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ, മെമ്പർ സെക്രട്ടറി തുടങ്ങിയവർ പങ്കെടുത്തു.

ഹർത്താൽ കേരളത്തെക്കുറിച്ച് അവമതിപ്പുണ്ടാക്കാൻ : സി.പി.എം

തിരുവനന്തപുരം: ഇന്നലത്തെ ഹർത്താൽ കേരളത്തെക്കുറിച്ച് അവമതിപ്പുണ്ടാക്കുന്നതിനുള്ള സംഘപരിവാർ അജൻഡയുടെ ഭാഗമാണെന്ന് സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റ് പ്രസ്താവനയിൽ പറഞ്ഞു. ശബരിമലയിൽ 10 മുതൽ 50 വയസുവരെയുള്ള സ്ത്രീകൾക്ക് പ്രവേശനം നൽകാനുള്ള സുപ്രീംകോടതി വിധിയെ അംഗീകരിക്കാത്തവരാണ് ഹർത്താലിന് ആഹ്വാനം ചെയ്തിട്ടുള്ളത്.

വിശ്വാസത്തെ സംരക്ഷിക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നു എന്ന് പറയുന്നവർ ശബരിമലയെ തകർക്കാനുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്.

സംസ്ഥാനത്തിനെതിരെ ലോകവ്യാപകമായി അവമതിപ്പ് പ്രചരിപ്പിച്ചവരാണ് ഇപ്പോൾ ശബരിമലയെ ഉൾപ്പെടെ തകർത്ത് തീർത്ഥാടകർക്ക് രക്ഷയില്ലെന്ന പ്രചാരണവുമായി രംഗത്തുവരുന്നത്. ശബരിമലയിൽ കുഴപ്പങ്ങളാണെന്ന പ്രതീതി സൃഷ്ടിച്ച് അന്യസംസ്ഥാന തീർത്ഥാടകരെ അകറ്റിനിറുത്താനാണ് നീക്കം. ക്ഷേത്രങ്ങളിൽ കാണിക്ക ഇടരുത് എന്ന പ്രചാരണത്തിന്റെ തുടർച്ചയാണിത്. സന്നിധാനത്തിൽ രക്തമൊഴുക്കിയും മൂത്രമൊഴിച്ചും അശുദ്ധമാക്കാൻ തീരുമാനിച്ചവരാണ് ഇതിന് പിന്നിൽ.

സാധാരണ ഹർത്താലിൽ തീർത്ഥാടകരെയും ശബരിമല സീസണിൽ പത്തനംതിട്ട ജില്ലയെയും ഒഴിവാക്കാറുണ്ട്. ഇക്കാര്യത്തിൽ വിശ്വാസികളോട് കാണിക്കേണ്ട സാമാന്യ മര്യാദ പോലും കാട്ടാത്തവരാണ് സംഘപരിവാറെന്ന് വ്യക്തമായി. അവസരം മുതലാക്കുക എന്ന ശ്രീധരൻപിള്ളയുടെ പ്രസ്താവനയെയും ഇതുമായി കൂട്ടിവായിക്കണമെന്നും സി.പി.എം പറഞ്ഞു.

ഇരുമുടിക്കെട്ടുള്ള അയ്യപ്പഭക്തരെ കസ്റ്റഡിയിലെടുക്കുന്നത് ആചാര , അവകാശ ലംഘനമെന്ന്

കൊല്ലം: ഇരുമുടിക്കെട്ടുമായി ശബരിമലയിലേക്ക് പോകുന്ന അയ്യപ്പ ഭക്തരെ ദർശനത്തിന് അനുവദിക്കാതെ കസ്റ്റഡിയിലെടുക്കുന്നത് ആചാര ലംഘനവും വിശ്വാസികളുടെ അവകാശങ്ങളിലുള്ള കടന്നുകയറ്റവുമാണെന്ന് തന്ത്രവിദ്യാപീഠം രക്ഷാധികാരിയും യോഗക്ഷേമ സഭ മുൻ പ്രസിഡന്റുമായ അക്കീരമൺ കാളിദാസ ഭട്ടതിരിപ്പാട് അഭിപ്രായപ്പെട്ടു. ശബരിമല തീർഥാടകരുടെ പുണ്യവും പവിത്രവുമായ സമർപ്പണമാണ് ഇരുമുടിക്കെട്ട്. വ്രതാനുഷ്ഠാനത്തിന്റെ സാഫല്യമായ സ്വാമി ദർശനമാണ് ഇരുമുടിയേന്തിയ ഓരോ ഭക്തന്റെയും ലക്ഷ്യം. അത് തടസപ്പെടുത്തുന്നത് ഭരണഘടനാദത്തമായ വിശ്വാസ സംരക്ഷണത്തിന്റെ നഗ്നമായ ലംഘനമാണ്. ആചാര്യമതമനുസരിച്ച് പ്രായച്ഛിത്തവും പരിഹാരക്രിയകളും നടത്തേണ്ട ഒന്നാണിത്. ശബരിമലയുടെ ചരിത്രത്തിൽ കേട്ടുകേൾവിയില്ലാത്ത സംഭവങ്ങളാണ് ഇപ്പോൾ നടക്കുന്നത്. യാതൊരു അടിസ്ഥാന സൗകര്യവും ഒരുക്കാതെയുള്ള ശബരിമലയിലേക്ക് അതെല്ലാം സഹിച്ച് എത്തുന്ന ഭക്തരോടുള്ള ക്രൂരതയാണ് ഇപ്പോൾ നടക്കുന്നതെന്നും അക്കീരമൺ പറഞ്ഞു.

കവി കിളിമാനൂർ രമാകാന്തൻ സ്മാരക കവിതാ പുരസ്കാരത്തിന് കോളേജ് വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം

തിരുവനന്തപുരം: കവിയും എഴുത്തുകാരനുമായിരുന്ന പ്രൊഫ. കിളിമാനൂർ രമാകാന്തന്റെ സ്മരണാർത്ഥം ചെമ്പഴന്തി എസ്.എൻ. കോളേജ് പൂർവ വിദ്യാർത്ഥി സംഘടനയായ ചെസ്ന സംസ്ഥാനതലത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള കിളിമാനൂർ രമാകാന്തൻ കവിതാ പുരസ്കാരത്തിന് എൻട്രികൾ ക്ഷണിച്ചു.

കവിതയും മേൽ വിലാസമടങ്ങിയ വിവരങ്ങളും കോളേജ് അധികൃതരുടെ സാക്ഷ്യപത്രത്തോടൊപ്പം 26 നകം അഡ്വ. ടി. ശരത് ചന്ദ്രപ്രസാദ് എക്സ്. എം.എൽ.എ, പ്രസിഡന്റ് ചെസ്ന, ലീല ഷെൽട്ടേഴ്സ്, പുന്നൻറോഡ്, സ്റ്റാച്യു, തിരുവനന്തപുരം.

പിൻകോഡ് 695039 എന്ന മേൽവിലാസത്തിലോ salabhamela@gmail.com. ഇ മെയിൽ ഐ.ഡിയിലോ അയയ്ക്കേണ്ടതാണ്.

വിശദ വിവരങ്ങൾക്ക് ഫോൺ : 9496030412, 9495365644.

വിളംബരം

ഭിന്നശേഷിക്കാർക്ക് വേണ്ടി തൊഴിൽമേള

തിരുവനന്തപുരം: ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന 'അതിജീവനം' തൊഴിൽമേളയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 22നകം അവരവർ രജിസ്റ്റർ ചെയ്തിട്ടുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ രേഖകളുമായി ഹാജരാകണം. തൊഴിൽമേളയുടെ തീയതി പിന്നീടറിയിക്കും. ഫോൺ: 0471-2462654, 0471-2220484

ഭിന്നശേഷിക്കാർക്ക് ഗാനമേള ട്രൂപ്പ്

തിരുവനന്തപുരം: ഭിന്നശേഷിക്കാരുടെ ദേശീയ സംഘടനയായ 'സക്ഷമ' യുടെ നേതൃത്വത്തിൽ കലാകാരന്മാരെ സഹായിക്കുന്നതിനായി ഗാനമേള ട്രൂപ്പ് രൂപീകരിക്കുന്നു. താത്പര്യമുള്ളവർ ബന്ധപ്പെടുക. 9995009513, 9446849908, 7012548939.

യോഗം 23ന് നടക്കും

തിരുവനന്തപുരം: ഡിപ്പാർട്ട്മെന്റ് ഓഫ് കോളേജിയേറ്റ് എഡ്യൂക്കേഷനിലെയും ഡയറക്ടറേറ്റ് ഒഫ് ടെക്നിക്കൽ എഡ്യൂക്കേഷനിലെയും നിയമനവും സ്ഥലംമാറ്റവും സ്പാർക്കിലൂടെ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അംഗീകൃത സർവീസ് സംഘടനകളുടെ യോഗം 23ന് രാവിലെ 11ന് സെക്രട്ടേറിയറ്റ് അനക്സ് രണ്ടിലെ ലയം ഹാളിൽ നടക്കും.

സർവകലാശാല വാർത്തകൾ

കേരള
www.kerala university.ac.in

■ **പരീക്ഷ മാറ്റി**

നവംബർ 17ന് മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.എസ്.സി. ബോട്ടണി ആൻഡ് ബയോടെക്നോളജി കോംപ്ലിമെന്ററി ബയോകെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷ 19 ലേക്ക് മാറ്റി.

■ **ടൈംടേബിൾ**

23ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം ബി.എ/ബി.എസ്.സി/ബി.കോം/ബി.ബി.എ/ബി.സി.എ/ബി.പി.എ ഡിഗ്രി പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ. എട്ടാം സെമസ്റ്റർ റഗുലർ ബി.ടെക് (2008 സ്കീം) കോഴ്സ് കോഡിൽ വരുന്ന പാർട്ട് ടൈം ബി.ടെക് റീസ്ട്രക്ചേർഡ് എട്ട്, ഏഴ്, ആറ്, നാല്, സെമസ്റ്റർ പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ.

■ **പരീക്ഷാകേന്ദ്രം**

22ന് (വിദൂരവിദ്യാഭ്യാസം) ആരംഭിക്കുന്ന പി.ജി ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകളുടെയും എം.എ, എം.എസ്.സി സപ്ലിമെന്ററി പരീക്ഷകളുടെയും കേന്ദ്രം തിരുവനന്തപുരം സംസ്കൃത കോളേജിൽ നിന്നും യൂണിവേഴ്സിറ്റി കോളേജിലേക്ക് മാറ്റി. വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ഹാൾ ടിക്കറ്റുകൾ കൈപ്പറ്റണം.

■ **ശിൽപ്പശാല സംഘടിപ്പിക്കും**

22 മുതൽ 24 വരെ സർവകലാശാല സെനറ്റ് ഹൗസ് ക്യാമ്പസിൽ കേരള സർവകലാശാല ഐ.ക്യൂ.എ.സിയും ഐ.സി.എസ്.എസ്.ആർ-എസ്.ആർ.സിയും സംയുക്തമായി സംഘടിപ്പിക്കുന്ന ഗവേഷണ രീതിശാസ്ത്ര ശിൽപശാല പ്രൊ-വൈസ്ചാൻസിലർ പ്രൊഫ. പി.പി. അജയകുമാർ ഉദ്ഘാടനം ചെയ്യും. ഐ.സി.എസ്.എസ്.ആർ-എസ്.ആർ.സി. ഡയറക്ടർ പ്രൊഫ. എം. ചന്നബസവയ്യ പങ്കെടുക്കും. സാമൂഹിക ശാസ്ത്ര-മാനവിക വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.

എം.ജി
www.mgu.ac.in

■ **സീറ്റൊഴിവ്**

ഡിപ്പാർട്ട്മെന്റ് ഒഫ് ലൈഫ്ലോംഗ് ലേർണിംഗ് ആൻഡ് എക്സ്റ്റൻഷനിൽ 21ന് ആരംഭിക്കുന്ന 10 ദിവസം ദൈർഘ്യമുള്ള റൂറൽ ഡെവലപ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. പ്ലസ്ടു /പ്രീഡിഗ്രി യോഗ്യതയുള്ള ഈ രംഗത്തെ ഉദ്യോഗസ്ഥർ, ഗവേഷകർ, എൻ.ജി.ഒ. പ്രവർത്തകർ, സാമൂഹികസേവകർ, ജനപ്രതിനിധികൾ, വിദ്യാർത്ഥികൾ എന്നിവർക്ക് സർവകലാശാല കാമ്പസിലെ ഓഫീസിൽ നേരിട്ട് ഹാജരായി പ്രവേശനം നേടാം. ഫോൺ: 0481 2731560, 2731724, 9544981839.

കണ്ണൂർ
www.kannur university.ac.in

■ **പരീക്ഷാഫലം**

ഒന്നാം സെമസ്റ്റർ എംടെക് സപ്ലിമെന്ററി പരീക്ഷ ഏപ്രിൽ 2017, രണ്ടാം സെമസ്റ്റർ എം.ടെക് സപ്ലിമെന്ററി പരീഷ ജൂൺ 2017 എന്നിവയുടെ പരീക്ഷാഫലം യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്. പുനഃപരിശോധന/സ്ക്രൂട്ടിനി/ഫോട്ടോകോപ്പി എന്നിവയ്ക്ക് അപേക്ഷിക്കേണ്ട അവസാനതീയതി 29ന് വൈകിട്ട് 5 മണി.

■ **പരീക്ഷകൾ പുനഃക്രമീകരിച്ചു**

17ന് മാറ്റിവെച്ച ഒന്നാം വർഷ ബിരുദ റഗുലർ/സപ്ലിമെന്ററി പരീക്ഷകൾ (2013 ഉം അതിനു മുമ്പുള്ളതും ഉൾപ്പെടെ) നവംബർ 24 ലേക്ക് പുതുക്കി നിശ്ചയിച്ചു. 24ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ബിരുദ റഗുലർ/സപ്ലിമെന്ററി പരീക്ഷകൾ (2013 ഉം അതിനുമുമ്പും ഉൾപ്പെടെ) 29ന് നടക്കും.

ഭാഗ്യക്കുറി ഓഫീസുകൾ ഇന്ന് പ്രവർത്തിക്കും

തിരുവനന്തപുരം: ഹർത്താൽ മൂലം ഇന്നലെ പ്രവർത്തിക്കാൻ കഴിയാതിരുന്നത് കണക്കിലെടുത്ത് ജില്ലാ, സബ് ഓഫീസുകളുൾപ്പെടെയുള്ള ഭാഗ്യക്കുറി ഓഫീസുകൾ ഇന്ന് തുറന്ന് പ്രവർത്തിക്കുമെന്ന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അറിയിച്ചു.

ഗവേഷണ പദ്ധതിയിൽ ഒഴിവ്: ഇന്റർവ്യൂ 23ന്

തിരുവനന്തപുരം: പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടപ്പാക്കുന്ന ഗവേഷണ പദ്ധതിയിൽ പ്രൊജക്ട് ഫെല്ലോയുടെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. കാലാവധി രണ്ട് വർഷം. ബയോടെക്നോളജിയിലോ ബയോകെമിസ്ട്രിയിലോ ഒന്നാം ക്ലാസ് ബിരുദാനന്തര ബിരുദം ഉണ്ടായിരിക്കണം. നാനോ കെമിസ്ട്രി ആന്റ് നാനോ പാർട്ടിക്കിൾ സിന്തസിസ്, അനിമൽ ടിഷ്യൂകൾച്ചർ/ടിഷ്യൂ എൻജിനിയറിംഗ് ആന്റ് അനിമൽ ഹാൻഡ്ലിംഗ് (മൈസ്) എന്നിവയിലുള്ള പ്രവൃത്തിപരിചയം അഭികാമ്യം. യു.ജി.സി/ സി.എസ്.ഐ.ആർ നെറ്റ്/ഗേറ്റ്/എൽ.എസ് അല്ലെങ്കിൽ ദേശീയതലത്തിലോ സംസ്ഥാനതലത്തിലോ ഉള്ള ഏതെങ്കിലും യോഗ്യതാപരീക്ഷ നേടിയിട്ടുള്ളവർക്ക് അപേക്ഷിക്കാം. ഉടൻ പി.എച്ച്.ഡി രജിസ്റ്റർ ചെയ്യാൻ അവസരം ഉണ്ടായിരിക്കും. പ്രായം 2018 ജനുവരി ഒന്നിന് 36 വയസ്സ് കവിയാൻ പാടില്ല. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃതമുള്ള വയസിളവ് ലഭിക്കും. ഫെല്ലോഷിപ്പ് പ്രതിമാസം 22,000 രൂപ.

താത്പര്യമുള്ളവർ ബയോഡാറ്റ, യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവയും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ 23ന് രാവിലെ 10ന് ഹാജരാകണം. വിശദവിവരങ്ങൾക്ക് www.jntbgri.res.in www.jntbgri.res.in.